പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.546 04/07/2019-ൽ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമവും വിദ്യാലയങ്ങളും</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. യു.ആർ. പ്രദീപ്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (എ) വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുന്നതിനായി എസ്.എസ്.കെ (സമഗ്ര ശിക്ഷ കേരള) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകം നൽകുന്നു. കൂടാതെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി/എസ്.റ്റി, ബി.പി.എൽ വിഭാഗത്തിൽപെടുന്ന ആൺകുട്ടികൾക്കും സൗജന്യമായി രണ്ടു ജോടി യൂണിഫോമും നൽകുന്നു.<br>സൗജന്യവും സാർവത്രികവുമായ പഠനം 1 മുതൽ 8 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഉറപ്പുവരുത്തുന്നതിനായി താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ എസ്.എസ്.കെ നടത്തുന്നു.<br>1). മലയോര പ്രദേശത്തെയും ദുർഘടമായതും മറ്റു യാത്രാ സൗകര്യമില്ലാത്തതുമായ സ്ഥലത്തു താമസിക്കുന്ന കുട്ടികൾക്കായി യാത്രാ സൗകര്യം ഏർപ്പെടുത്തുന്നു.<br>2). മലയോര പ്രദേശത്തുള്ള കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനായി മലപ്പുറം ജില്ലയിലെ നിലമ്പൂർ, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ എന്നീ സ്ഥലങ്ങളിലായി മൂന്നു ഹോസ്റ്റലുകൾ നടത്തിവരുന്നു.<br>3). എസ്.എസ്.കെ യുടെ നേതൃത്വത്തിൽ ഇനിയും സ്കൂളിൽ ചേരാത്തതും എന്തെങ്കിലും കാരണവശാൽ കൊഴിഞ്ഞുപോയതുമായ കുട്ടികളെ കണ്ടെത്തി ബ്രിഡ്ജ് കോഴ്സ് നടത്തി വയസ്സിനനുസൃതമായ ക്ലാസുകളിൽ |

ചേർക്കുന്നു.

(ബി) എട്ടാം ക്ലാസുവരെ സൗജന്യവും നിർബന്ധി തവുമായ വിദ്യാഭ്യാസം എന്ന കേന്ദ്ര നയത്തിനപ്പുറം പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികൾക്കെല്ലാം സൗജന്യ പഠനം ഏർപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ കൂടുതൽ പഠനം ആവശ്യമാണ്.

(സി) സംസ്ഥാനത്തെ അൺ എയ്ഡഡ് വിദ്യാലയങ്ങൾ വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായാണോ പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിക്കാറുണ്ടോ; വിവേചനരഹിതമായ സ്കൂൾ പ്രവേശനം, ശാരീരിക ശിക്ഷയും മാനസിക പീഡയുമില്ലാത്ത വിദ്യാഭ്യാസം, മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യം എന്നിവ ഇത്തരം സ്കൂളുകളിൽ എത്രമാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് പരിശോധിക്കുമോ;

(സി) ഉണ്ട്. വിദ്യാഭ്യാസ അവകാശ നിയമം 2009, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ എന്നിവയിലെ നിർദേശങ്ങൾക്ക് അനുസൃതമായിതന്നെയാണോ സ്കൂൾ പ്രവർത്തിക്കുന്നത് എന്നതും ഈ നിരീക്ഷണങ്ങളുടെ ഭാഗമാണ്.

(ഡി) പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ ഹൈടെക് ആയി പരിണമിപ്പിച്ചതിനാൽ സാങ്കേതിക വിദ്യകളും ഉപകരണങ്ങളും കാര്യക്ഷമമായി വിനിയോഗിച്ചു കൊണ്ട് ബോധന നിലവാരം ഉയർത്താൻ അദ്ധ്യാപകരെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനം വിശദമാക്കാമോ?

(ഡി) പഠന-ബോധന പ്രവർത്തനങ്ങളിൽ ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുക എന്നതാണ് പൊതുവിദ്യാലയങ്ങളിൽ ഹൈടെക് സംവിധാനം ഒരുക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നത്. ഹൈടെക് ക്ലാസ് മുറികളിലെ നൂതന ബോധന ഉപാധികൾ അദ്ധ്യാപകർ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി അവരെ സഹായിക്കത്തവിധം അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ഒരുക്കി 'സമഗ്ര' എന്ന പേരിൽ ഒരു പോർട്ടൽ തയ്യാറാക്കി ഡിജിറ്റൽ വിഭവങ്ങൾ ഉൾക്കൊള്ളിച്ച് ബോധന പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുതകുന്ന സമഗ്രാസൂത്രണ സൂക്ഷ്മാസൂത്രണ രേഖകളും ഈ പോർട്ടൽ വഴി അദ്ധ്യാപകർക്ക് ലഭ്യമാക്കി അവരെ ഡിജിറ്റൽ വിഭവങ്ങൾ സ്വയം നിർമ്മിച്ച് ഉപയോഗിക്കാൻ പരിശീലനങ്ങളിലൂടെ പ്രാപ്തരാക്കി ഈ അവധിക്കാലത്ത് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം എല്ലാ അധ്യാപകർക്കും സാങ്കേതിക വിദ്യ ഉപയോഗിച്ച് പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിനുള്ള പ്രത്യേക ഐ.ടി പരിശീലനവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ